തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ ഫിഷറീസ് വകുപ്പിന്റെ പദ്ധതികൾ

235(527) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് എന്നും ഇതിലേക്കായി എത്ര തുക വിനിയോഗിച്ചിട്ടുണ്ട് എന്നും അറിയിക്കാമോ;

(ബി) മണ്ഡലത്തിൽ തീരദേശ റോഡായി ഏറ്റെടുത്ത റോഡുകൾ ഏതൊക്കെയാണ്; അവയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറ്റെടുത്തവ ഏതൊക്കെയാണ്?

ഉത്തരം

(എ) ഫിഷറീസ് വകുപ്പിനുകീഴിൽ ഹാർബർ എൻജിനീയറിംഗ് മുഖേന തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തീരദേശ റോഡ് വികസന പദ്ധതിയിലെ താഴെ പറയുന്ന മൂന്ന് റോഡ് പ്രവൃത്തികൾക്കായി 76.50 ലക്ഷം രൂപയ്ക്ക് ഭരണാനുവാദം നൽകിയതിൽ 30.75 ലക്ഷം രൂപ നാളിതുവരെ വിനിയോഗിച്ചിട്ടുണ്ട്.

(1) കച്ചേരി പോത്തട ഹരിജൻ കോളനി റോഡ്

(2) മംഗലശ്ശേരി-കരിക്കാച്ചിറ റോഡ്

(3) കറ്റേരി-പാറക്കടവു റോഡ്

(ബി) മണ്ഡലത്തിൽ തീരദേശ റോഡുകൾ എന്ന നിലയിൽ പ്രത്യേകമായി റോഡുകൾ ഡിക്ലയർ ചെയ്തിട്ടില്ല. എന്നാൽ ഹാർബർ എൻജിനീയറിംഗ് വകുപ്പ് മുഖേന തീരദേശറോഡ് വികസന പദ്ധതിയിൽ താഴെ പറയുന്ന റോഡുകളുടെ പ്രവർത്തി ഏറ്റെടുത്ത് നടത്തിവരുന്നു.

2009-10 :

(1) മംഗലശ്ശേരി - കരിക്കാച്ചിറ റോഡ്

(2) കറ്റേരി - പാറക്കടവു റോഡ്

(3) കച്ചേരി പോത്തട ഹരിജൻ കോളനി റോഡ്.

ഹൊസബെട്ടു കടപ്പുറത്തെ കുടിവെള്ള പദ്ധതി

236(528) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരം മണ്ഡലത്തിൽപ്പെട്ട ഹൊസബെട്ടു കടപ്പുറത്തെ കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം മണ്ഡലത്തിൽപ്പെട്ട ഹൊസബെട്ടു കടപ്പുറത്ത് കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതി ബന്ധപ്പെട്ട പഞ്ചായത്തിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഫിഷറീസ് വകുപ്പ് മുഖേന കോസ്റ്റൽപ്പുര പുദ്ധതിയിൽ ഉൾപ്പെടുത്തി മഞ്ചേശ്വരം കണ്വതീർത്ഥ റോഡിനു സമീപത്തായി 13 ലക്ഷം രൂപ ചെലവിൽ കുടിവെള്ള പദ്ധതി നിർമ്മാണം നടന്നു വരുന്നു. ആയതിന്റെ ബോർവെൽ പ്രവൃത്തി പൂർത്തിയായി. ടാങ്ക് നിർമ്മാണം പുരോഗമിക്കുന്നു. ഹാർബർ എൻജിനീയറിംഗ് വകുപ്പാണ് നിർവ്വഹണ ഏജൻസി.

തീരദേശ ആശുപത്രി

237(529) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കടപ്പുറത്ത് സർക്കാർ സ്ഥാപിക്കാനുദ്ദേശിക്കുന്ന തീരദേശ ആശുപത്രികളുടെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കാസർഗോഡ് കസബ കടപ്പുറത്ത് ഫിഷറീസ് ഡിസ്പെൻസറി സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള കാര്യം പരിശോധിച്ചുവരുന്നു. കാസർഗോഡ് പുഞ്ചാവി കടപ്പുറത്ത് നിലവിലുള്ള കുടുംബാരോഗ്യ ഉപകേന്ദ്രം വികസിപ്പിച്ച് തീരദേശ ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച് ഒരു പ്രൊപ്പോസൽ കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. എത്രയും പെട്ടെന്ന് ആരംഭിക്കാനാണ് സർക്കാർ ആഗ്രഹിക്കുന്നത്.

തൃക്കുന്നപ്പുഴ ഫിഷ് ലാന്റിംഗ് സെന്റർ

238(530) ശ്രീ. ബി. ബാബുപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജക മണ്ഡലത്തിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിൽ ഒരു ഫിഷ് ലാന്റിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഫിഷ് ലാന്റിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്ന കാര്യത്തിൽ എന്തെങ്കിലും കാലവിളംബം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഫിഷ് ലാന്റിംഗ് സെന്റർ ആരംഭിക്കുന്ന കാര്യത്തിൽ എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട് എന്ന് വിശദീകരിക്കുമോ;